**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഉത്രാളിക്കാവ് പൂരത്തോട് അനുബന്ധിച്ച് വാണിജ്യ വിപണന മേളയ്ക്ക് തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2736/2019/ത.സ്വ.ഭ.വ** തിരുവനന്തപുരം,
തീയതി,03/12/2019

---

പരാമർശം:-1. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 28/2/19ലെ തീരുമാനം നമ്പർ 1(1).

2.തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 27/03/2019 ലെ ഡിപിടി/ബി3-747/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഉത്രാളിക്കാവ് പൂരത്തോട് അനുബന്ധിച്ച് വടക്കാഞ്ചേരിയിൽ 2019 ഫെബ്രുവരി 16 മുതൽ മാർച്ച് 4 വരെ നടപ്പിലാക്കിയ പ്രദർശനം തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം, കുടുംബശ്രീ എന്നീ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന സാധാരണക്കാരായ ജനങ്ങളുടെ വ്യവസായ-വാണിജ്യ വിപണന സാധ്യത കൂടുതൽ ജനകീയമാക്കുന്നതിനു വേണ്ടിയാണ് സംഘടിപ്പിച്ചത്. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഉത്രാളിക്കാവ് 2018-19 വ്യവസായ-വാണിജ്യ പ്രദർശനം നടത്തുന്നതിന് രണ്ടു ലക്ഷം രൂപ തനത് ഫണ്ടിൽ ഉൾപ്പെടുത്തി ചെലവാക്കിയതിന് സാധൂകരണം നൽകണമെന്ന് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശ കത്ത് പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉത്രാളിക്കാവ് പൂരത്തിനോടനുബന്ധിച്ച വടക്കാഞ്ചേരിയിൽ 2019 ഫെബ്രുവരി 16 മുതൽ മാർച്ച് 4 വരെ നടപ്പിലാക്കിയ വാണിജ്യ വിപണന മേളയ്ക്ക് രണ്ട് ലക്ഷം രൂപ തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ തനതു ഫണ്ടിൽനിന്നും ചെലവഴിച്ച നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

സെക്രട്ടറി ,ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ